REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

തിയ്യതി: 14-05-2026 സമയം 12.30 PM

## പ്രധാന വാർത്തകൾ

- **UDF-ന്റെ വിജയശില്പി VD സതീശൻ സംസ്ഥാന മുഖ്യമന്ത്രി.**
- **രണ്ട് ദിവസത്തെ ബ്രിക്സ് വിദേശകാര്യ മന്ത്രിമാരുടെ യോഗം ന്യൂഡൽഹിയിൽ ആരംഭിച്ചു.**
- **ചുവപ്പുകോട്ട സ്ഫോടനത്തിൽ ദേശീയ അന്വേഷണ ഏജൻസി കുറ്റപത്രം സമർപ്പിച്ചു.**
- **നീറ്റ്-UG 2026 ചോദ്യപേപ്പർ ചോർച്ചാക്കേസിൽ CBI അന്വേഷണം ഊർജിതമാക്കി.**
- **സംസ്ഥാനത്ത് ശനിയാഴ്ച വരെ ഇടിമിന്നലോടു കൂടിയ മഴയ്ക്ക് സാധ്യതയെന്ന് കേന്ദ്രകാലാവസ്ഥാ വകുപ്പ്.**
- **IPL ക്രിക്കറ്റിൽ ഇന്ന് പഞ്ചാബ് കിങ്സ്, മുംബൈ ഇന്ത്യൻസിനെ നേരിടും.**

## വാർത്തകൾ വിശദമായി

കേരളത്തിലെ നിയമസഭാ തെരഞ്ഞെടുപ്പിൽ UDF-ന്റെ വിജയശില്പി VD സതീശൻ സംസ്ഥാന മുഖ്യമന്ത്രി. ന്യൂഡൽഹിയിൽ ദിവസങ്ങളോളം നീണ്ട കൂടിയാലോചനകൾക്ക് ശേഷമാണ് കോൺഗ്രസ് ഹൈക്കമാൻഡ്, സതീശനെ മുഖ്യമന്ത്രിയായി പ്രഖ്യാപിച്ചത്. അല്പം മുമ്പ് കേരളത്തിന്റെ ചുമതല വഹിക്കുന്ന AICC ജനറൽ സെക്രട്ടറി ദീപാദാസ് മുൻഷിയാണ് ഹൈക്കമാൻഡ് തീരുമാനം മാധ്യമങ്ങളെ അറിയിച്ചത്.

11 ദിവസത്തെ രാഷ്ട്രീയ അനിശ്ചിതത്വത്തിനൊടുവിൽ പല തലങ്ങളിലെ ചർച്ചകൾക്കും സമവായ നീക്കങ്ങൾക്കും ഒടുവിലാണ് വിഡി സതീശൻ, രമേശ്

ചെന്നിത്തല, കെ സി വേണുഗോപാൽ എന്നിവരിൽ നിന്ന് ഹൈക്കമാൻഡ് മുഖ്യമന്ത്രിയെ തീരുമാനിച്ചത്.

ന്യൂഡൽഹിയിൽ രാവിലെ ചേർന്ന അന്തിമ കൂടിയാലോചനകൾക്ക് ശേഷമാണ് മുഖ്യമന്ത്രിയെ തീരുമാനിച്ചത്. AICC മാധ്യമ വിഭാഗം മേധാവി ജയറാം രമേശും വാർത്താ സമ്മേളനത്തിൽ പങ്കെടുത്തു.

ഇന്നലെ വൈകിട്ട് കോൺഗ്രസ് അധ്യക്ഷൻ മല്ലികാർജ്ജുൻ ഖർഗെയുടെ വസതിയിലെത്തി. ലോക്സഭാ പ്രതിപക്ഷ നേതാവ് രാഹുൽഗാന്ധി മുഖ്യമന്ത്രി വിഷയത്തിൽ ചർച്ച നടത്തിയിരുന്നു.

✪✪✪

VD സതീശനെ മുഖ്യമന്ത്രിയായി തെരഞ്ഞെടുത്ത കോൺഗ്രസ് നേതൃത്വത്തിന്റെ തീരുമാനത്തെ സർവ്വാത്മനാ സ്വാഗതം ചെയ്യുന്നതായി കെസി വേണുഗോപാൽ ന്യൂഡൽഹിയിൽ അറിയിച്ചു. ജനങ്ങളുടെ പ്രതീക്ഷയ്ക്ക് ഒപ്പം നിൽക്കുന്ന ഗവൺമെന്റ് കേരളത്തിലുണ്ടാകുമെന്ന് പ്രതീക്ഷിക്കുന്നതായും വേണുഗോപാൽ പറഞ്ഞു. ഹൈക്കമാൻഡ് തീരുമാനം എന്തായാലും ശിരസാവഹിക്കുമെന്ന് മുമ്പ് പലവട്ടം മാധ്യമങ്ങളെ അറിയിച്ചിരുന്നതായും അദ്ദേഹം മാധ്യമങ്ങളോട് പ്രതികരിച്ചു. ഗവൺമെന്റിന്റെ എല്ലാ പ്രവർത്തനങ്ങൾക്കും AICC പിന്തുണ നൽകുമെന്നും വേണുഗോപാൽ വ്യക്തമാക്കി.

✪✪✪

പ്രധാനമന്ത്രി നരേന്ദ്ര മോദിയുടെ ആറു ദിവസത്തെ വിദേശ പര്യടനത്തിന് നാളെ തുടക്കമാകും. UAE, നെതർലാൻഡ്സ്, സ്വീഡൻ, നോർവേ, ഇറ്റലി എന്നീ രാജ്യങ്ങളാണ് അദ്ദേഹം സന്ദർശിക്കുന്നത്.

ആദ്യഘട്ടത്തിൽ പ്രധാനമന്ത്രി നാളെ അബുദാബി സന്ദർശിച്ച്, UAE പ്രസിഡന്റ് ഷെയ്ഖ് മുഹമ്മദ് ബിൻ സായിദ് അൽ നഹ്യാനുമായി കൂടിക്കാഴ്ച നടത്തുമെന്ന് വിദേശകാര്യ മന്ത്രാലയ സെക്രട്ടറി സിബി ജോർജ് അറിയിച്ചു. പശ്ചിമേഷ്യയിലെ ഭൗമരാഷ്ട്രീയ സംഘർഷങ്ങളുടെയും ആഗോള എണ്ണവിപണികളിലെ സമ്മർദ്ദത്തിന്റെയും പശ്ചാത്തലത്തിൽ, ഊർജ്ജ സുരക്ഷയ്ക്കായിരിക്കും ചർച്ചയിൽ പ്രാധാന്യം നൽകുന്നത്. അഞ്ച് മാസത്തിനുള്ളിൽ മോദിയും, ഷെയ്ഖ് മുഹമ്മദ് ബിൻ സായിദ് അൽ നഹ്യാനും തമ്മിലെ രണ്ടാമത്തെ കൂടിക്കാഴ്ചയാണിത്.

✪✪✪

രണ്ട് ദിവസത്തെ ബ്രിക്സ് വിദേശകാര്യ മന്ത്രിമാരുടെ യോഗം ന്യൂഡൽഹിയിൽ ആരംഭിച്ചു. ആഗോള സമാധാനം, സുരക്ഷ, സുസ്ഥിര വികസനം എന്നിവയ്ക്ക് നയതന്ത്ര ചർച്ചകൾ അത്യന്താപേക്ഷിതമാണെന്നും ഭീകരവാദത്തിനെതിരെ സഹകരണം ശക്തിപ്പെടുത്തണമെന്നും ഉദ്ഘാടനപ്രസംഗത്തിൽ വിദേശകാര്യ മന്ത്രി ഡോ. S ജയശങ്കർ ആവശ്യപ്പെട്ടു.

സമ്മേളനത്തിന്റെ ഭാഗമായി വിദേശകാര്യ മന്ത്രിമാർ ഇന്ന് പ്രധാനമന്ത്രി നരേന്ദ്ര മോദിയുമായി കൂടിക്കാഴ്ച നടത്തും.

✪✪✪

11 പേരുടെ മരണത്തിനിടയാക്കിയ ചുവപ്പുകോട്ട സ്ഫോടനത്തിൽ ദേശീയ അന്വേഷണ ഏജൻസി 7500 പേജ് കുറ്റപത്രം സമർപ്പിച്ചു. ഭീകര സംഘടനകളുമായി അടുത്ത ബന്ധം പുലർത്തുന്ന 10 പേർക്കെതിരെയാണ് കുറ്റപത്രം. 2025 നവംബർ പത്തിനാണ് ചുവപ്പുകോട്ടയ്ക്ക് സമീപം ട്രാഫിക് ജംഗ്ഷനിൽ വൻ സ്ഫോടനം ഉണ്ടായത്. സംഭവത്തിലെ മുഖ്യ ആസൂത്രകനും പ്രതിയുമായ ഉമറുൻ നബി, ചാവേർ സ്ഫോടനത്തിൽ മരിച്ചിരുന്നു. അൽഖ്വയ്ദയുമായി ബന്ധപ്പെട്ട ഖസ്‌വത്തുൽ ഹിന്ദ് എന്ന ഭീകര സംഘടനാ പ്രവർത്തകനായിരുന്നു ഇയാൾ.

✪✪✪

ദേശീയ ദുരന്ത നിവാരണ സേന 20 വർഷത്തിനുള്ളിൽ തന്നെ ജനങ്ങളുടെ വിശ്വാസം നേടിയെടുത്തതായി ആഭ്യന്തര മന്ത്രി അമിത് ഷാ അറിയിച്ചു. ഉത്തർപ്രദേശിലെ ഗാസിയാബാദിൽ ദേശീയ ദുരന്ത നിവാരണ സേനയുടെ പ്രസിഡന്റ്സ് കളർ അവാർഡ് ദാന ചടങ്ങിൽ പങ്കെടുക്കുകയായിരുന്നു അമിത് ഷാ.

✪✪✪

ഗവേഷണം, വികസനം, നവീകരണം എന്നീ രംഗത്ത് സ്വകാര്യമേഖലയുടെ പങ്കാളിത്തം കേന്ദ്രഗവണ്മെന്റ് സജീവമായി പ്രോത്സാഹിപ്പിക്കുന്നുണ്ടെന്ന് കേന്ദ്രമന്ത്രി ഡോ. ജിതേന്ദ്രസിംഗ് പറഞ്ഞു. ന്യൂഡൽഹിയിൽ റിസർച്ച് ഡെവലപ്മെന്റ് ഇന്നൊവേഷൻ- RDI പദ്ധതിപ്രകാരം അഞ്ച് കരാറുകളിൽ ഒപ്പുവെയ്ക്കുന്ന ചടങ്ങിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം.

DEEP TEC നവീകരണം ത്വരിതപ്പെടുത്തുന്നതിനും, വ്യവസായ മേഖലയിൽ ഗവണ്മെന്റ് സഹകരണം ശക്തിപ്പെടുത്തുന്നതിനും അസാധാരണ സമീപനമാണ് കരാറിൽ പ്രതിഫലിക്കുന്നതെന്ന് ഡോ. ജിതേന്ദ്രസിംഗ് പറഞ്ഞു.

ക്വാണ്ടം സാങ്കേതിക വിദ്യ, ഊർജ്ജം, ബഹിരാകാശം, ജീവശാസ്ത്രം എന്നിവയുൾപ്പെടെ നിർണായക മേഖലകളെയാണ് ആദ്യറൗണ്ട് കരാർ

ഉൾക്കൊള്ളുന്നതെന്ന് കേന്ദ്രമന്ത്രി അറിയിച്ചു. സ്റ്റാർട്ടപ്പുകളെയും, DEEP TEC സംരംഭങ്ങളെയും പിന്തുണയ്ക്കുന്നതിന് ഗവണ്മെന്റ് നിരവധി നിയന്ത്രണങ്ങൾ ലഘൂകരിച്ചിട്ടുണ്ടെന്നും, സ്വകാര്യപങ്കാളിത്തത്തിന് മേഖലകൾ തുറന്നുകൊടുത്തിട്ടുണ്ടെന്നും ഡോ. ജിതേന്ദ്രസിംഗ് അറിയിച്ചു. ക്വാണ്ടം സുരക്ഷിത ആശയ വിനിമയത്തിന് എട്ട് വർഷം ലക്ഷ്യമിട്ടപ്പോൾ, നാലു വർഷത്തിനകം രാജ്യം ലക്ഷ്യം പൂർത്തീകരിച്ചതായി ജിതേന്ദ്രസിംഗ് പറഞ്ഞു.

✪✪✪

റോ ഷുഗർ, വൈറ്റ് ഷുഗർ, റിഫൈൻഡ് ഷുഗർ എന്നിവയുൾപ്പെടെ പഞ്ചസാര കയറ്റുമതിയ്ക്ക് സെപ്റ്റംബർ വരെയോ, അടുത്ത ഉത്തരവ് ഉണ്ടാകുന്നത് വരെയോ കേന്ദ്ര ഗവണ്മെന്റ് നിരോധനം ഉടൻ പ്രാബല്യത്തിൽ വരും. കയറ്റുമതി നയത്തിൽ മാറ്റം വരുത്തിയെങ്കിലും, യൂറോപ്യൻ യൂണിയൻ, അമേരിക്ക എന്നിവിടങ്ങളിലേക്ക് പ്രത്യേക ക്വാട്ട വഴി കയറ്റുമതി നടത്താം. മറ്റ് രാജ്യങ്ങളുടെ ഭക്ഷ്യസുരക്ഷ ഉറപ്പാക്കുന്ന ഗവൺമെന്റ്-ടു-ഗവൺമെന്റ് ഷിപ്പിംഗുകൾക്കും നിരോധനം ബാധകമല്ല.

✪✪✪

നീറ്റ്-UG 2026 ചോദ്യപേപ്പർ ചോർച്ചാക്കേസിൽ രാജസ്ഥാനിലെ സിക്കർ കേന്ദ്രീകരിച്ച് CBI അന്വേഷണം ഊർജിതമാക്കി. പ്രതികളായ യഷ് യാദവ്, വികാസ് എന്നിവർ സിക്കറിലെ കോച്ചിംഗ് സെന്ററിൽ ഒരുമിച്ച് പഠിച്ചവരാണെന്നും, ഇവിടെനിന്നാണ് ഗൂഢാലോചന ആരംഭിച്ചതെന്നും കരുതുന്നു. മഹാരാഷ്ട്രയിൽ നിന്ന് പേപ്പർ ഹരിയാന വഴി രാജസ്ഥാനിലെ സിക്കറിലും ജയ്പൂരിലും എത്തിയതായാണ് കണ്ടെത്തൽ. സിക്കറിൽ എത്തിയ CBI സംഘം കോച്ചിംഗ് സ്ഥാപനങ്ങളെയും ഇടനിലക്കാരെയും കേന്ദ്രീകരിച്ച് അന്വേഷണം വിപുലമാക്കി.

✪✪✪

നിയമസഭാ തെരഞ്ഞെടുപ്പിൽ ഭരണം നിലനിർത്താൻ കഴിഞ്ഞില്ലെങ്കിലും, തമിഴ്നാടിന്റെ അവകാശങ്ങൾക്കും സാമൂഹിക നീതിക്കും വേണ്ടി സെക്കുലർ പ്രോഗ്രസീവ് അലയൻസ് പോരാട്ടം തുടരുമെന്നും മുൻ മുഖ്യമന്ത്രി MK സ്റ്റാലിൻ അറിയിച്ചു. തിരഞ്ഞെടുപ്പിൽ ഒന്നരക്കോടിയിലധികം വോട്ടുകളും 72 സീറ്റുകളും നേടാൻ കഴിഞ്ഞത് ജനങ്ങൾക്ക് DMK മുന്നണിയിലെ വിശ്വാസത്തെയാണ് സൂചിപ്പിക്കുന്നതെന്നും സ്റ്റാലിൻ അവകാശപ്പെട്ടു.

✪✪✪

SSLC പരീക്ഷാഫലം നാളെ പ്രഖ്യാപിക്കും. വൈകിട്ട് മൂന്നിന് പൊതുവിദ്യാഭ്യാസ സെക്രട്ടറിയും, പൊതുവിദ്യാഭ്യാസ ഡയറക്ടറും ചേർന്നായിരിക്കും ഫലം പ്രഖ്യാപിക്കുക. യുദ്ധം കാരണം ഗൾഫിൽ പരീക്ഷ എഴുതാൻ കഴിയാത്ത കുട്ടികൾക്ക് നിശ്ചിത ഫോർമുല പ്രകാരം മാർക്ക് നൽകിയ ഫലവും നാളെ പ്രഖ്യാപിക്കും.

✪✪✪

ആകാശവാണിയുടെ 90-ാം വാർഷികത്തിന്റെ ഭാഗമായി, പ്രക്ഷേപണത്തിന്റെ 75 വർഷങ്ങൾ പിന്നിട്ട കോഴിക്കോട് നിലയം സംഘടിപ്പിച്ച മിനി ലിറ്ററേച്ചർ ഫെസ്റ്റ്, 'LEGACY 2026', ഇന്ന് സമാപിക്കും. വൈകീട്ട് 5.30 ന് സെഷനിൽ എഴുത്തുകാരൻ C.V.ബാലകൃഷ്ണൻ മുഖ്യാതിഥിയായിരിക്കും.

✪✪✪

ഇസ്രായേൽ പ്രധാനമന്ത്രി ബെഞ്ചമിൻ നെതന്യാഹു, രഹസ്യമായി യുണൈറ്റഡ് അറബ് എമിറേറ്റ്സ് സന്ദർശിക്കുകയും, പ്രസിഡന്റിനെ കാണുകയും ചെയ്തതായി നെതന്യാഹുവിന്റെ ഓഫീസ് സ്ഥിരീകരിച്ചു. ഇസ്രായേലും UAE യും തമ്മിലെ ബന്ധത്തിൽ ചരിത്രപരമായ വഴിത്തിരിവിലേക്ക് നയിച്ച കൂടിക്കാഴ്ചയാണിതെന്ന് പ്രസ്താവനയിൽ അറിയിച്ചു. സന്ദർശനത്തിന്റെ വിശദാംശങ്ങൾ വെളിപ്പെടുത്തിയിട്ടില്ല.

✪✪✪

സംസ്ഥാനത്ത് ശനിയാഴ്ച വരെ ഇടിമിന്നലോടു കൂടിയ മഴയ്ക്ക് സാധ്യതയുണ്ടെന്ന് കേന്ദ്രകാലാവസ്ഥാ വകുപ്പ് അറിയിച്ചു. ശക്തമായ മഴ സാധ്യത കണക്കിലെടുത്ത് എറണാകുളം, ഇടുക്കി, മലപ്പുറം, കോഴിക്കോട്, കണ്ണൂർ, കാസർഗോഡ് എന്നീ ജില്ലകളിൽ ഇന്ന് മഞ്ഞ ജാഗ്രതയാണ്.

✪✪✪

പാലക്കാട് ജില്ലയിലെ കടുത്ത വേനൽ നേട്ടമാക്കി കുടുംബശ്രീ. ഈ സീസണിൽ തണ്ണിമത്തൻ കൃഷിയിലൂടെ ആറ് കോടി 80 ലക്ഷം രൂപയുടെ വിറ്റുവരവാണ് കുടുംബശ്രീ നേടിയത്.

കൂടുതൽ വിവരങ്ങളുമായി ഫൈസൽ അലി മുത്ത്.......

(വോയ്സ്)

വേനൽക്കാലത്ത് ഗുണമേന്മയുള്ള തണ്ണിമത്തൻ ലഭ്യമാക്കാൻ ലക്ഷ്യമിട്ട് കുടുംബശ്രീ നടത്തിയ വേനൽ മധുരം തണ്ണിമത്തൻ ക്യാമ്പയിനാണ് വിജയകരമായി പൂർത്തിയായിരിക്കുന്നത്. 45 ലക്ഷത്തോളം കിലോ തണ്ണിമത്തനാണ് കുടുംബശ്രീ അയൽക്കൂട്ടങ്ങൾ വഴി വിറ്റത് .6711

അയൽക്കൂട്ട അംഗങ്ങൾ വേനൽ മധുരത്തിന്റെ ഭാഗമായി. 818ഏക്കറിലാണ് തണ്ണിമത്തൻ കൃഷി ചെയ്തത്.കുടുംബശ്രീ വിപണന കേന്ദ്രങ്ങൾ, മേളകൾ ചന്തകൾ തുടങ്ങിയവ വഴിയായിരുന്നു വില്പനാണ് നടത്തിയിരുന്നത്. കൃഷി സംഘങ്ങൾക്ക് 25000 രൂപ വരെ റിവോള്വിങ് ഫണ്ടും ലഭ്യമാക്കിയിരുന്നു.

✪✪✪

സ്വർണ്ണവില വർദ്ധിച്ചു. പവന് 240 രൂപ കൂടി ഒരു ലക്ഷത്തി 19,040 രൂപയായി. ഗ്രാമിന് 14,880 രൂപയിലാണ് ഇന്ന് വ്യാപാരം നടക്കുന്നത്.

✪✪✪

ഇടവമാസ പൂജയ്ക്കായി ശബരിമലയിൽ വൈകിട്ട് നട തുറക്കും.

പത്തനംതിട്ടയിൽ നിന്ന് ശ്രിജി S ശ്രീധർ..

..........വോയ്സ്..........

ഇന്നു വൈകിട്ട് 5ന് തന്ത്രിയുടെ സാന്നിധ്യത്തിൽ മേൽശാന്തി തുറന്ന് ദീപം തെളിക്കും. ഇന്ന് പൂജകൾ ഒന്നും തന്നെ ഉണ്ടാവില്ല. നാളെ പുലർച്ചെ മുതൽ നട അടയ്ക്കുന്ന 19 വരെ വിശേഷാൽ പൂജകൾ ഉൾപ്പെടെ എല്ലാ പൂജകളും നടക്കും. 19ന് സഹസ്രകലശാഭിഷേകവും നടക്കും. നട അടയ്ക്കുന്നതിനാൽ അന്ന് വൈകിട്ട് 6 വരെ മാത്രമേ തീർഥാടകരെ പമ്പയിൽനിന്നു സന്നിധാനത്തേക്ക് കടത്തി വിടുകയുള്ളൂ. തീർഥാടകർ വെർച്വൽ ക്യൂ ബുക്കു ചെയ്ത് വേണം ദർശനത്തിനെത്താൻ.

✪✪✪

IPL ക്രിക്കറ്റിൽ ഇന്ന് പഞ്ചാബ് കിങ്സ്, മുംബൈ ഇന്ത്യൻസിനെ നേരിടും. ധരംശാലയിൽ വൈകീട്ട് ഏഴരയ്ക്കാണ് മത്സരം.

✪✪✪

കോഴിക്കോട് വെസ്റ്റ്ഹില്ലിലെ കേരള സ്റ്റേറ്റ് സിവിൽ സർവ്വീസ് അക്കാദമിയുടെ ഈ അധ്യയനവർഷത്തെ ബാച്ചിൽ പ്രവേശനം തുടരുന്നു. ഡിഗ്രി യോഗ്യത നേടിയവർക്കും അവസാന വർഷ ഡിഗ്രി വിദ്യാർത്ഥികൾക്കും അപേക്ഷിക്കാം. കോളജ് വിദ്യാർത്ഥികൾക്കും പ്രൊഫഷണലുകൾക്കുമായി വീക്ക് എൻഡ് ബാച്ചിനും, ആറ് മുതൽ പ്ലസ് ടു വരെ വിദ്യാർത്ഥികൾക്ക് ടാലന്റ് ഡെവലപ്പ്മെന്റ്-ഫൗണ്ടേഷൻ ബാച്ചിനും രജിസ്ട്രേഷൻ ആരംഭിച്ചു. കൂടുതൽ വിവരങ്ങൾക്ക് സിവിൽ സർവ്വീസ് അക്കാദമിയുമായി ബന്ധപ്പെടാവുന്നതാണ്.

✪✪✪

കണ്ണൂർ കൊട്ടിയൂർ വൈശാഖോത്സവനാളിൽ  വയനാട്ടിൽ നിന്ന് പാൽച്ചുരം വഴി കൊട്ടിയൂരിലേക്ക് വൺവേ സംവിധാനം ഏർപ്പെടുത്താൻ തീരുമാനിച്ചു. പൊലീസിന്റെ നേതൃത്വത്തിൽ കൊട്ടിയൂരിൽ ചേർന്ന അവലോകനയോഗത്തിലാണ് ഇതുസംബന്ധിച്ച നിർദേശം നൽകിയത്. KSRTC ബസുകൾക്ക് ഇത് ബാധകമല്ല. വാഹനങ്ങൾ നെടുംപൊയിൽ-പേര്യ ചുരം വഴി പോകണം.

പരിചയസമ്പന്നരായ, കന്നഡ സംസാരിക്കാൻ അറിയുന്ന പൊലീസ് ഉദ്യോഗസ്ഥരെ ഉത്സവ ഡ്യൂട്ടിക്കായി നിയോഗിക്കണമെന്ന് ദേവസ്വം ചെയർമാൻ, തിട്ടയിൽ നാരായണൻ നായർ, യോഗത്തിൽ ആവശ്യപ്പെട്ടു.

✪✪✪

കരിപ്പൂരിൽ  ഹജ്ജ് ക്യാമ്പിന് തുടക്കമായി.  പാണക്കാട് സയ്യിദ് സാദിഖലി ശിഹാബ് തങ്ങൾ ക്യാമ്പ് ഉദ്ഘാടനം  ചെയ്തു. കരിപ്പൂർ വഴി ഇത്തവണ ഹജ്ജിന് പോകുന്നത്  969 പേരാണ്.  ആദ്യ വിമാനം നാളെ രാത്രി  12.20 നും, രണ്ടാമത്തെ വിമാനം പുലർച്ചെ 2.25 നുമാണ് പുറപ്പെടുക.

കരിപ്പൂരിൽ നിന്ന് 'ആകാശ എയർലൈൻസി'ന്റെ  145 പേർക്ക് യാത്ര ചെയ്യാവുന്ന ഏഴ് വിമാനങ്ങളാണ് സർവീസ് നടത്തുന്നത്.  ഇന്നു മുതൽ  ഈ മാസം 17 വരെയാണ് കരിപ്പൂരിൽ നിന്ന് ഹജ്ജ് വിമാനങ്ങളുടെ സർവീസ്.

✪✪✪

കോഴിക്കോട് പെരുവണ്ണാമൂഴിയിൽ നിന്ന് ഡിജിറ്റൽ സർവേക്ക് പുറപ്പെട്ട് വനമേഖലയിൽ അകപ്പെട്ട സംഘത്തെ കണ്ടെത്തി. മൂന്ന് വനം വകുപ്പ് ഉദ്യോഗസ്ഥരും നാല് റവന്യൂ ഉദ്യോഗസ്ഥരും സംഘത്തിലുണ്ടായിരുന്നു. പ്രതികൂല കാലാവസ്ഥയെ തുടർന്ന് വനത്തിൽ തങ്ങേണ്ടിവന്നുവെന്നാണ് ഔദ്യോഗിക വിശദീകരണം.

✪✪✪

*News Editor : വി കെ സുരേഷ്*
*News Reader: സബിത കെ,*
*News Team: അനിൽ ചന്ദ്രൻ, അൻഷ കരീം*
*DEO : സി കെ സുബോധ്*